## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8223 — 17.07.2014 ന് മറുപടിയ്ക്ക്

## നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിലേക്കായി 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'നൈപുണ്യം 2014' ഉച്ചകോടിയുടെ ഭാഗമായി ലഭ്യമായ 163 പ്രൊപ്പോസലുകളിൽ നിന്ന് സ്വകാര്യ പങ്കാളികളെ തെരഞ്ഞെടുത്തിട്ടുണ്ട്. സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, എൻട്രിപ്രിനോരിയൽ സ്കിൽസ് (Entrepreneurial Skills), ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലയിൽ മികവിന്റെ കേന്ദ്രം (CoE) ആരംഭിക്കുന്നതിന് സ്ഥലവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, എൻട്രിപ്രിനോരിയൽ സ്കിൽസ് (Entrepreneurial Skills), ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലയിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ അന്താരാഷ്ട്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച്, തൊഴിൽ രഹിതരായ പരമാവധി യുവജനങ്ങൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിന് വേണ്ടിയാണ് നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നത്. |

(.......2)

(സി) ഏതെല്ലാം മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ;

(സി) സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, എൻട്രിപ്രിനോരിയൽ സ്കിൽസ്, ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. സെക്യൂരിറ്റി മേഖലയിൽ 1-3 മാസത്തെ കോഴ്സുകൾ നൽകി 60% പ്ലെയ്സ്മെന്റ് ലഭ്യമാക്കുകയാണ് ഇത് വഴി ലക്ഷ്യമിടുന്നത്. ഹൈ-ടെക് ഓട്ടോമേഷൻ സെന്റർ മുഖേന അന്താരാഷ്ട്ര തലത്തിൽ അത്യാധുനിക രീതിയിൽ കോഴ്സുകൾ നൽകി പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ ലഭ്യമാക്കുകയാണ് ഇത് വഴി ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര സർട്ടിഫിക്കേഷനോടുകൂടിയ ആധുനിക രീതിയിലുള്ള കോഴ്സുകൾ നൽകി തങ്ങളുടെ മേഖലയിൽ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും അതിവിദഗ്ധരായ തൊഴിലാളികളെ സൃഷ്ടിക്കുക എന്നതാണ് ഓയിൽ & റിഗ്, മൾട്ടിസ്കിൽസ്, എൻട്രിപ്രിനോരിയൽ സ്കിൽസ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് വഴി ലക്ഷ്യമിടുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) മേൽ പ്രസ്താവിച്ച പദ്ധതികളുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളികളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ മികവിന്റെ കേന്ദ്രം (CoE) ആരംഭിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

സെക്ഷൻ ഓഫീസർ